# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വല്ലപ്പുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: No.KSA PKD-P16/565/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 19/04/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വല്ലപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: No.KSA PKD-P16/565/2023 തീയ്യതി: 19/04/2023

## പാലക്കാട് ജില്ലയിലെ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെട്ടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-04-2022 മുതൽ 12-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 13-02-2023 | 20-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-02-2023 | 20-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രകാശ് ബാബു.കെ.ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.രാജിഷ.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ശബ്നാദാസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.കന്തസ്വാമി.ഐ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| അബ്ദുൾ ലത്തീഫ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| സ്മിത.എസ്. | സെക്രട്ടറി | 01-04-2021 | 07-12-2021 |
| ശാലിനി.സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-12-2021 | 07-01-2022 |
| ജയശ്രീ.പി.എസ് | സെക്രട്ടറി | 07-01-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശാലിനി.സി | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ദീപ.യൂ.വി. | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. മൊയ്തീൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. ശ്രീഹരി മേനോൻ | മെഡിക്കൽ ഓഫീസർ, ആയുർവേദ | 01-04-2021 | 31-03-2022 |
| സ്മത്രി.പി.എസ് | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. ശ്രീലക്ഷ്മി. എം | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഉഷ.എം. | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2021 | 05-07-2021 |
| ഉമൈറാ ബാനു.എം | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 06-07-2021 | 31-03-2022 |
| പാർവ്വതി.ടി. ആർ | അസി.എൻജിനിയർ | 01-04-2021 | 13-04-2021 |
| സുകേഷ് | അസി.എൻജിനിയർ | 14-04-2021 | 29-04-2021 |
| ബെസ്സി | അസി.എൻജിനിയർ | 30-04-2021 | 27-12-2021 |
| സുകേഷ് | അസി.എൻജിനിയർ | 28-12-2021 | 31-01-2022 |
| വിഷ്ണു.എസ്.വി | അസി.എൻജിനിയർ | 01-02-2022 | 31-03-2022 |
| പ്രേമ.ടി.കെ | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ബീന. കെ | വി.ഇ.ഒ | 01-04-2021 | 24-08-2021 |
| സൗജ.പി.എ | വി.ഇ.ഒ | 25-08-2021 | 31-03-2022 |
| ശ്രീമതി. ഉമൈബ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 16-04-2021 |
| സുരേഷ്കുമാർ.എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 17-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| സന്തോഷ്. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ക്ഷേമപ്പെൻഷൻ | 1-6 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 12 | തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ | 1-11 |
| 13 | എല്ലാ ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. | 1-11-1 |
| 14 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 1-11-2 |
| 15 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ്-അപാകതകൾ | 1-12 |
| 16 | പഞ്ചായത്തിന്റെ ലൈസൻസില്ലാതെ ലൈവ് സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നു | 1-13 |
| 17 | വാടക- ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-14 |
| 18 | ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-15 |
| 19 | പെൻഷനറുടെ മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന് ശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നു.ഗ്രാമ പഞ്ചായത്ത് തലത്തിൽ അന്വേഷണ വിധേയമാക്കേണ്ടതാണ്. | 1-16 |
| 20 | വൈദ്യുതി പോസ്റ്റ് മാറ്റിവയ്ക്കൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-17 |
| 21 | മെയിന്റനൻസ് ഗ്രാന്റ് വക മാറ്റി ചെലവഴിച്ചു. കൈമാറിയ തുകക്കുള്ള ഉപകരണങ്ങൾ ലഭ്യമായിട്ടില്ല | 1-18 |
| 22 | സാമൂഹിക സുരക്ഷാ പെൻഷൻ- ഡിസ്ക്രിപ്പൻസി ലിസ്റ്റ് ഓരോ മാസവും പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നില്ല. മസ്റ്ററിംങ് പൂർത്തികരിച്ചിട്ടില്ല | 1-19 |
| 23 | കരാറുകാരന് പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ ടാർ ബാരലിന്റെ തുക | 1-20 |

| | | |
|---|---|---|
| | ഈടാക്കിയിട്ടില്ല. | |
| 24 | മരാമത്ത് ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.ചെലവുതുക തടസ്സപ്പെടുത്തുന്നു | 1-21 |
| 25 | ബഡ്സ് സ്കൂളുകൾക്ക് വാഹനവാടക - പുതിയ വാഹനം വാങ്ങുന്നതിനുള്ള സാധ്യത പരിശോധിച്ച വിവരം | 1-22 |
| 26 | ഗ്രാമ പഞ്ചായത്തിന്റെ വാഹനം കൈയ്യൊഴിഞ്ഞ് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് | 1-23 |
| 27 | തെരുവുവിളക്ക് പരിപാലനം | 1-24 |
| 28 | വീട് വാസയോഗ്യമാക്കൽ -പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-25 |
| 29 | ലൈഫ് ഭവന നിർമ്മാണം- പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-26 |
| 30 | തൊഴിലുറപ്പ് പദ്ധതി-അവലോകനം | 1-27 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | കരാറുകാരന് പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ ടാർ ബാരലിന്റെ തുക ഈടാക്കിയിട്ടില്ല. | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകകളുടെ വിശദവിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർച്ചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

| | |
|---|---|
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

20-02-2021 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം.1 പ്രകാരം 2021-22വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 24.03.2022 ലെ തീരുമാനം നം. (1) പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

അംഗീകരിച്ച ബജറ്റിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 95,01,383 |
| തൻവർഷം വരവ് | 17,22,78,000 |
| ആകെ വരവ് | 18,17,79,383 |
| ചെലവ് | 17,67,82,500 |
| നീക്കിയിരിപ്പ് | 49,96,883 |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 21-22 | 31-7-2022 | 08-06-2022 | - | - |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

സി) ചട്ടം 62(3) – മുൻ വർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല

2. വസ്തു നികുതി വാർഷിക സംക്ഷിപ്തം സഞ്ചയയിൽ തയ്യാറാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസിന്റെ കൃത്യത ഉറപ്പാക്കാനായില്ല.

3.വാടക രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള ഡിമാന്റ്,കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രിക യുമായി പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12,233,236/- |
| വരവ് | 7,20,95,220/- |
| ആകെ | 8,43,28,456/- |
| ചെലവ് | 6,39,64,010/- |
| നീക്കിയിരിപ്പ് | 2,03,64,446/- |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 1,54,04,337 | 1,54,04,337 | 1,43,78,699 | 10,25,638 |
| വികസനഫണ്ട് -എസ്.സി.പി | 0 | 61,13,000 | 61,13,000 | 59,73,407 | 1,39,593 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 93,58,753 | 93,58,753 | 50,92,242 | 42,66,511 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 53,89,212 | 53,89,212 | 29,10,412 | 24,78,800 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-New Bank | 0 | 30,88,982 | 30,88,982 | 13,92,048 | 16,96,934 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-New Bank | 0 | 45,11,000 | 45,11,000 | 2,50,656 | 42,60,344 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-Spillover Treasury | 0 | 8,28,246 | 8,28,246 | 4,32,167 | 3,96,079 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-Spillover Treasury | 0 | 48,29,515 | 48,29,515 | 1,36,994 | 46,92,521 |

കേന്ദ്രാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 5,55,508 | 13,18,776 | 18,74,284 | 12,00,000 | 6,74,284 |
| TSC | 4,88,302 | 1,02,944 | 5,91,246 | 45000 | 5,46,246 |
| BRGF | 22580 | 0 | 22580 | 0 | 22580 |

തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 206634 | 12934375 | 13141009 | 13140819 | 190 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 244 | 78954353 | 178 | 45586279 | 0 | 66 | 72.95% |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ടുകൾ | നിർവ്വണം നടത്തിയത് | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 21 | 20 | 1 | 6633718 | 5399708 | 81.40% |
| വെറ്റിനറി സർജ്ജൻ | 4 | 4 | 0 | 1950000 | 1596910 | 81.89% |
| MO (PHC) | 8 | 8 | 0 | 1990312 | 1664689 | 83.64% |
| MO (AYUR) | 3 | 3 | 0 | 1000000 | 1000000 | 100.00% |
| MO (Homeo) | 1 | 1 | 0 | 400000 | 400000 | 100.00% |
| VEO | 15 | 12 | 3 | 23626581 | 7547494 | 31.94% |
| SI Of Fisheries | 2 | 0 | 2 | 399000 | 0 | 0.00% |
| ICDS | 9 | 7 | 2 | 6660557 | 5878900 | 88.26% |
| DEO | 1 | 1 | 0 | 500000 | 479800 | 95.96% |
| HM, GLPS | 5 | 3 | 2 | 540000 | 455604 | 84.37% |
| സെക്രട്ടറി | 24 | 16 | 8 | 7576774 | 4803272 | 63.39% |
| അസി.എൻജി. | 140 | 93 | 47 | 23774086 | 13272322 | 55.83% |
| അസി.സെക്രട്ടറി | 11 | 10 | 1 | 3903325 | 3087580 | 79.10% |
| ആകെ | 244 | 178 | 66 | 78954353 | 45586279 | 57.74% |

## 1-6 ക്ഷേമപ്പെൻഷൻ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 20,60,800 | 150 |
| 2 | വിധവാ പെൻഷൻ | 1,88,48,000 | 1236 |
| 3 | വാർദ്ധക്യകാല പെൻഷൻ | 3,27,77,800 | 2356 |
| 4 | വികലാംഗ പെൻഷൻ | 58,92,800 | 382 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 11,59,600 | 75 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 206634 | 337065 | 543699 | 543509 | 190 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 12597310 | 12597310 | 12597310 | 0 |
| ആകെ | 206634 | 12934375 | 13141009 | 13140819 | 190 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6 (4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-02-2023 തിയ്യതിയിൽ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24,290 /- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.01.2023 | നവംബർ 2022, ഡിസംബർ 2022 | 11.01.2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.07.2009 മുതൽ 3-8-2009 വരെ | 2004-05 മുതൽ 2008-09 വരെ | LBA(HQ)/IV /8A-1451/17തി 26.08.2009 |

## 1-10 ആഭ്യന്തര നിയന്ത്രണം

ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ലൈസൻസില്ലാതെ ലൈവ് സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നതിൻമേൽ നടപടികൾസ്വീകരിക്കേണ്ടതാണ്.

പെൻഷനറുടെ മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന് ശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നു.ഗ്രാമ പഞ്ചായത്ത് തലത്തിൽ അന്വേഷണ വിധേയമാക്കേണ്ടതാണ്.

ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിന്റെ വാഹനം കൈയ്യൊഴിഞ്ഞ് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളിൽ തിരഞ്ഞെടുത്ത കരാറുകാർ സമർപ്പിക്കുന്ന സെക്യൂരിറ്റി തുകയോ ബോണ്ടുകളോ സൂക്ഷിക്കുന്നത് സംബന്ധിച്ചുള്ള രേഖപ്പെടുത്തലുകൾ നടത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓരോ ടെണ്ടറിനും കരാറുകാർക്ക് വിതരണം ചെയ്യുന്ന ടെണ്ടർ ഫോമുകളുടെ ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഓരോ വർക്കിനും എത്ര ടെണ്ടർ ഫോമുകൾ വിതരണം നടത്തി എന്ന് വ്യക്തമല്ല. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള റോഡിന്റെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന റോഡ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ അവശ്യം വേണ്ടുന്ന രേഖകൾ (അബസ്ട്രാക്ട് എസ്റ്റിമേറ്റ്, സെലക്ഷൻ നോട്ടീസ്, പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ മുതലായവ) പല ഫയലുകളിലും സൂക്ഷിച്ചിട്ടില്ല.

## 1-11 തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. ഗ്രാമപഞ്ചായത്തിന്റെ തൊഴിൽനികുതി ഈടാക്കിയതിലെ കൃത്യത പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

### 1-11-1 എല്ലാ ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കുടിശ്ശിക വരുത്തിയ സാമ്പത്തിക വർഷം |
|---|---|---|
| 1 | LSGD, വല്ലപ്പുഴ | $2^{nd}$ Half |

| | | |
|---|---|---|
| 2 | സിവിൽ സപ്ലൈസ്, വല്ലപ്പുഴ | 2nd Half |
| 3 | എൻ.ആർ.ജി.എസ് | 1st Half |
| 4 | ബിസ്മി ഡെന്റൽ ക്ലിനിക് | 1st & 2nd Half |
| 5 | റോബട്ട് ഡെന്റൽ കെയർ | 1st & 2nd Half |
| 6 | ഹൈടെക് ലബോറട്ടറി | 1st & 2nd Half |

മേൽപറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാണ്ടതാണ്.

സ്ഥാപനത്തിലെ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വാണിജ്യ/വ്യാപാര സ്ഥാപനങ്ങൾ ലൈസൻസിനുവേണ്ടി പഞ്ചായത്തിൽ സമർപ്പിക്കുന്ന അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളിലെ സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം, തൊഴിൽ നികുതി റിട്ടേൺസ്, രജിസ്റ്റർ എന്നിവയിലെ വിവരങ്ങളുമായി താരതമ്യം ചെയ്തതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപന ഉടമ/ സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം. |
|---|---|---|---|
| 1 | 1 | ബിലാൽ എർത്ത് മൂവേഴ്സ് | 8 |
| 2 | 3 | കിസാൻ കരിങ്കൽ ക്വാറി | 3 |
| 3 | 99 | മലബാർ ബ്ലൂമെറ്റൽ | 7 |
| 4 | 94 | അൽമദീന ഹോസ്പിറ്റൽ | 6 |
| 5 | 5 | ഫ്രെയിം റോക്ക് ജിപ് പ്രൊഫൈൽ ഇന്ത്യാ ലിമിറ്റഡ് | 10 |
| 6 | 15 | കിച്ചൺ ഫെസ്റ്റി | 5 |
| 7 | 21 | അൽവഹാ ഫ്യൂവൽസ് | 7 |
| 8 | 25 | ജെ.പി.കൺസ്ട്രക്ഷൻസ് | 7 |
| 9 | 55 | ഫാൻസി പേപ്പർ പ്രോഡക്ട്സ് | 5 |

സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരെയും ഉൾപ്പെടുത്തിയുള്ള റിട്ടേൺസ് സമർപ്പിക്കാൻ തൊഴിലുടമയോട് ആവശ്യപ്പെടുകയും,റിട്ടേൺസ് അനുസരിച്ച് എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയും ചെയ്യേണ്ടതാണ്.

കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധനയിൽ എൽ.എസ്.ജി.ഡി സെക്ഷനിലെ വിവിധ പദ്ധതി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി കരാർ ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. കരാറുകാരിൽ നിന്നും ചട്ടപ്രകാരമുള്ള തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11-2 സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽനിന്നും സ്ഥാപന തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കുടിശ്ശിക വരുത്തിയ സാമ്പത്തിക വർഷം |
|---|---|---|
| 1 | എസ്.ബി.ഐ വല്ലപ്പുഴ | 1st & 2nd Half |
| 2 | കനറാ ബാങ്ക് | 1st & 2nd Half |
| 3 | വല്ലപ്പുഴ സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക്(Evening Branch) | 1st Half |

കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി പിരിച്ചെടുക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/20.02.2023) സ്ഥാപന തൊഴിൽ നികുതി ഈടാക്കി

അറിയിക്കുന്നതാണ് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

### 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ്-അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ സാമ്പത്തിക വർഷം 164 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

### 1-13 പഞ്ചായത്തിന്റെ ലൈസൻസില്ലാതെ ലൈവ് സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നു

ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് മുൻവർഷങ്ങളിലും തൻവർഷവും ലൈസൻസ് അനുവദിച്ചിട്ടില്ല . എന്നാൽ വസ്തു നികുതി നിർണ്ണയ രജിസ്റ്റർ (സഞ്ചയ സോഫ്റ്റ്‌വെയറിലെ ഫോറം-6) പരിശോധിച്ചപ്പോൾ കോഴി വളർത്തൽ ഷെഡ് എന്ന ഗണത്തിൽ ധാരാളം സ്ഥാപനങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചതായി കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീറ്റർ) |
|---|---|---|
| 1 | 1/110/A1 | 438.85 |
| 2 | 1/411 | 390 |
| 3 | 1/19/A | 141 |
| 4 | 2/19/A | 285.12 |
| 5 | 2/42 | 192 |
| 6 | 2/43 | 188 |
| 7 | 2/181 | 93 |
| 8 | 3/182/B | 162 |
| 9 | 3/219 | 131 |
| 10 | 3/238/C | 196.08 |
| 11 | 3/247 | 153 |
| 12 | 3/443/A | 344.19 |
| 13 | 3/457/B | 120.03 |
| 14 | 7/150 | 433 |
| 15 | 7/421 M2 | 280 |
| 16 | 7/528/A | 250.65 |
| 17 | 8/149 | 713.86 |
| 18 | 10/174 M2 | 103 |
| 19 | 12/233 | 462 |
| 20 | 12/419/A | 462.37 |
| 21 | 13/114/A | 165.3 |
| 22 | 15/65/A | 177 |

മേൽ കെട്ടിടങ്ങളിൽ അനധികൃതമായി ലൈവ് സ്റ്റോക്ക് ഫാം പ്രവർത്തിക്കുന്നുണ്ടോ എന്നും നിലവിൽ ടി കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനം, വസ്തുനികുതി നിർണ്ണയിച്ചതിലെ കൃത്യത എന്നിവ പരിശോധിച്ച് അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/20.02.2023) മറുപടി ലഭിച്ചിട്ടില്ല.

### 1-14 വാടക- ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല.

വാടക രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ രജിസ്റ്ററിൽ

രേഖപ്പെടുത്തിയിട്ടുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രിക യുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യ പത്രിക പ്രകാരം വാടക ഇനത്തിലെ വരവ് താഴെ ചേർക്കുന്നു.

| | ഡിമാന്റ് (ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം) | കളക്ഷൻ (റെസീപ്റ്റ് & പെയ്മെന്റ് പ്രകാരം) | ബാലൻസ് (ബാലൻസ് ഷീറ്റ് പ്രകാരം) |
|---|---|---|---|
| തൻവർഷം | 4,99,902/- | 4,08,713/- | - |
| കുടിശ്ശിക | 6,62,953/- (2020-21 ബാലൻസ് ഷീറ്റ് പ്രകാരം) | 6,28,304/- | - |

വാടക രജിസ്റ്റർ പ്രകാരം ഡിമാന്റ് - 4,99,902/- രൂപയും , കളക്ഷൻ - 4,99,902/- രൂപയുമാണ്. തൻവർഷത്തെ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് പ്രകാരവും വാടക രജിസ്റ്റർ പ്രകാരവും തുകയൊന്നും പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നില്ല. യഥാർത്ഥത്തിൽ വരവ് വന്ന തുക, ബാലൻസ് എന്നിവ അറിയിക്കേണ്ടതും വ്യത്യാസങ്ങൾക്ക് വിശദീകരണം നൽകേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/20.02.2023) മറുപടി ലഭിച്ചിട്ടില്ല.

1-15 ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ രേഖപ്പെടുത്തലുകൾ ഒന്നും വരുത്തിയിട്ടില്ല. തിരിച്ച് നൽകേണ്ട തിയതിക്ക് ശേഷം 3 വർഷത്തിലധികം പഴക്കമുള്ള ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാൽ ഇവ ഏതേത് വർഷത്തെയാണ് എന്നും ഏത് ഇനത്തിലാണ് എന്നതും പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/20.02.2023) മറുപടി ലഭിച്ചിട്ടില്ല

1-16 പെൻഷനറുടെ മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന് ശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നു.ഗ്രാമ പഞ്ചായത്ത് തലത്തിൽ അന്വേഷണ വിധേയമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ തന്നെ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള പെൻഷൻ ഗുണഭോക്താക്കളെ യഥാസമയം ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാത്തതിനാൽ വീണ്ടും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതായി കാണുന്നു. യഥാസമയം സസ്പെൻഡ് ചെയ്യാതിരിക്കുന്നതിനാൽ പെൻഷണറുടെ വ്യക്തിഗത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യുന്നതു വരെ ഡി.ബി.റ്റി സെൽ വഴി ബാങ്ക് അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യുന്നത് തുടരുന്നു.

സർക്കാർ ഉത്തരവ് (എംഎസ്) നമ്പർ 97/2020 തീയതി 23/9/2020 ഖണ്ഡിക 12 പ്രകാരം മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതതു മാസം പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബാധ്യസ്ഥനായിരുന്നു. കൂടാതെ സർക്കാർ ഉത്തരവ് (എംഎസ്) നമ്പർ 97/2020 തീയതി 23/9/2020 ഖണ്ഡിക 13 പ്രകാരം പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. വിതരണ ഏജൻസികൾ/അങ്കണവാടി/ ആശാ വർക്കർമാർ മുഖാന്തിരം വിവരങ്ങൾ ശേഖരിച്ച് പെൻഷൻ

ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്ന പ്രക്രിയ ഗ്രാമ പഞ്ചായത്തിൽ നടക്കുന്നില്ല.

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷം ഉള്ള പെൻഷൻ തുക അവകാശികൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ലെന്ന് സർക്കാർ ഉത്തരവ് (എംഎസ്) നമ്പർ 97/2020 തീയതി 23/9/2020 ഖണ്ഡിക15 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

2021 വർഷത്തെ മരണരജിസ്റ്ററുകൾ അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന്റെ മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് തുക കൈമാറുന്നതായി ശ്രദ്ധയിൽ പെട്ട ഏതാനും പേരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പെൻഷനറുടെ പേര് | പെൻഷൻ ഐ.ഡി | മരണപ്പെട്ട തീയതി | മരണപ്പെട്ടതിനു ശേഷം തുക കൈമാറിയ മാസങ്ങൾ | ആകെ അനർഹമായി കൈമാറിയ തുക |
|---|---|---|---|---|---|
| 1 | മെയ്തീൻ.ടി.പി | 108190200171 | 01/01/2017 | ജനുവരി 2017മുതൽ ഏപ്രിൽ2019 വരെ | 28x1500=42000 |
| 2 | മുഹമദ് | 108190100309 (Aadhar No 626300548682) | 30/02/2020 | മാർച്ച് 2020 മുതൽ ഡിസംബർ 2020 വരെ | 2x1200=2400<br>4x1300=5200<br>4x1400=5600<br>=13200 |
| 3 | ഹംസ | 108190200413 | 19/02/21 | March 2021 മുതൽ മെയ് 2021വരെ | 1x1500=1500<br>2x1600=3200<br>=4700 |
| 4 | മമ്മദ്.കെ.വി | 108190400361 | 19/10/2020 | നവംബർ2020മുതൽ 2022 വരെ | 2x1400=2800<br>3x1500=4500<br>20x1600=32000 |
| | | | | | 32600/- |

സാമൂഹിക സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളായ മേൽ സൂചിപ്പിച്ച വ്യക്തികളുടെ മരണം രജിസ്റ്റർ ചെയ്തശേഷവും അവരുടെ അക്കൗണ്ടിലേക്ക് തുക കൈമാറിയതായി കാണുന്നു.മിക്ക ഗുണഭോക്താക്കളും നിലവിൽ പെൻഷൻ സസ്പെൻഡ് സ്റ്റാറ്റസ് ൽ ആണ്. ചിലരുടെ അക്കൗണ്ടിലേക്ക് തുക എല്ലാ മാസങ്ങളിലും മാറിക്കൊണ്ടിരിക്കുന്നതിനാൽ ഇവർ ഡിസ്ക്രിപ്പൻസി ലിസ്റ്റ് ൽ ഉൾപ്പെടുന്നില്ല. മരണപ്പെട്ടിട്ടും പെൻഷൻ തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് കൈമാറിയതിനും അനർഹമായി പെൻഷൻ തുക കൈപ്പറ്റിയവരിൽ നിന്ന് തുക 32600/-തിരികെ ഈടാക്കേണ്ടതാണ്. ഗുണഭോക്താക്കൾക്കെതിരെ പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിച്ച വിവരം സംബന്ധിച്ചും മറുപടി ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/21.02.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് വാർഡ് തലത്തിൽ അന്വേഷണവിധേയമാക്കേണ്ടതും സാമൂഹിക സുരക്ഷാ പെൻഷൻ അനർഹമായി കൈപ്പറ്റുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതുമാണ്.

1-17 വൈദ്യുതി പോസ്റ്റ് മാറ്റിവയ്ക്കൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

2021-22 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി ചൂരക്കോട്, ചേരിക്കല്ല് വാർഡ് 10 ൽ ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിന് KSEB യിൽ നിന്ന് എസ്റ്റിമേറ്റ് ലഭ്യമാക്കി തുക കൈമാറിയിട്ടുണ്ട്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്, വല്ലപ്പുഴ ഇലക്ട്രിക്കൽ സെക്ഷനുകളിലേക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കൈമാറിയ തുകകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | ബിൽ നം., ബിൽ തിയ്യതി | ബിൽ തുക | പ്രൊജക്ട് അടങ്കൽ | ചെലവ് തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 293/22new വൈദ്യുതി പോസ്റ്റ് മാറ്റിവയ്ക്കൽ | 292/ 04.03.22 293/22 04.03.22 | 8000/- വികസന ഫണ്ട് ജനറൽ 10319/- തനതുഫണ്ട് | 28000/- | 18319/-/- |

പ്രവൃത്തി പൂർത്തീകരിച്ച് കെ.എസ്.ഇ.ബി. വല്ലപ്പുഴ ഇലക്ട്രിക്കൽ സെക്ഷനിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്(എൻക്വയറി നമ്പർ 2/16.02.23)

**1-18 മെയിന്റനൻസ് ഗ്രാന്റ് വക മാറ്റി ചെലവഴിച്ചു. കൈമാറിയ തുകക്കുള്ള ഉപകരണങ്ങൾ ലഭ്യമായിട്ടില്ല**

2021-22 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിനും, വിട്ടു കിട്ടിയ സ്ഥാപനങ്ങൾക്കും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി താഴെ പറയുന്ന പ്രൊജക്റ്റ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നടത്തിയതായി കാണുന്നു.

1)പ്രൊജക്റ്റ് നം-19/2021-22 New
നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

അടങ്കൽ തുക-400000/-

ചെലവഴിച്ച തുക- 307811/-

| ക്രമ നം | ബിൽ നം ,തിയ്യതി | തുക | തുക നൽകിയ സ്ഥാപനം | ലഭ്യമായ സാധനങ്ങൾ |
|---|---|---|---|---|
| 1 | 305/05.03.22 | 198985/- | കേരള സ്റ്റേറ്റ് ഐ.ടി.മിഷൻ | 5 കമ്പ്യൂട്ടറുകൾ |
| 2 | 367/25.03.22 | 48880/- | കോർപറേറ്റ് ബിസ്സിനസ്സ് സൊല്യൂഷൻ | ഫ്രണ്ട് ഓഫീസിലേക്ക് സ്കാനർ |
| 3 | 341/19.03.22 | 59946 | കെ.എം. ടെക്നോളജീസ് | ട്രൈപ്പോഡ് സ്റ്റാന്റ് ,മൾട്ടീമീഡിയ പ്രോജക്ടർ |
| | | 307811 | | |

ഇതു സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു

1) മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം ലഭ്യമായ സാധനങ്ങൾ ഓഫീസിന്റെയും വിട്ടു കിട്ടിയ സ്ഥാപനത്തിന്റെയും സേവനം മെച്ചപ്പെടുത്താൻ എന്ന പ്രോജക്ടിൽ പറയുന്നുണ്ടെങ്കിലും ഗ്രാമ പഞ്ചായത്ത് ഓഫീസിലാണ് സ്ഥാപിച്ചിട്ടുള്ളത്. ജി.ഒ(എം.എസ്)നം.330/2004/തസ്വഭവ തിയതി 09-12-2004 പ്രകാരം പുറപ്പെടുവിച്ച മെയിന്റനൻസ് ഗ്രാന്റ്, ജനറൽപർപ്പസ് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖയിലും തുടർ ഉത്തരവുകളിലും മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിക്കരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തികളുടെ പരിപാലനത്തിന് മുൻഗണന നൽകി ചെലവഴിക്കേണ്ട റോഡിതര ഫണ്ട് തനത് ആസ്തികളുടെ പരിപാലനത്തിനായി ചെലവഴിച്ചത് മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

2) ക്രമ നം 1 പ്രകാരം 5 കമ്പ്യൂട്ടറുകൾക്ക് 198985/-രൂപയാണ് നൽകിയിരിക്കുന്നത്. കേരള സ്റ്റേറ്റ് ഐ.ടി മിഷന്റെ ക്യാഷ് ബിൽ പ്രകാരം ഈ ഇനങ്ങൾക്കായി 191331/- രൂപ മാത്രമാണ് ചെലവു വന്നിരിക്കുന്നത്. ബാലൻസ് തുക 7654/- ഗ്രാമപഞ്ചായത്തിലേക്ക് തിരികെ ലഭ്യമാക്കിയതായി കാണുന്നില്ല.

2) പ്രൊജക്റ്റ് നം-270/2021-22 New
നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

അടങ്കൽ തുക-426000/-

ചെലവഴിച്ച തുക- 422673/-(ബിൽ നം 247, 21/02/22)

ഇതു സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു

1) GEM മുഖേന 6 കമ്പ്യൂട്ടറുകളും 7 പ്രിന്ററുകളും 41 KV UPS ഉം വാങ്ങി കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്ക് നല്കാൻ പദ്ധതി ലക്ഷ്യം വക്കുകയും തുക കൈമാറുകയും ചെയ്തിട്ടുണ്ട്. നാളിതു വരെയായി പ്രിന്ററുകൾ ലഭ്യമായതായി കാണുന്നില്ല.

ക്രമ നമ്പർ 2ൽ സൂചിപ്പിച്ച പ്രൊജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിൽ പ്രിന്റർ ലഭ്യമാക്കാത്ത പക്ഷം തുക തിരികെ ഈടാക്കാനും ക്രമ നം 1 ൽ സൂചിപ്പിച്ച പ്രൊജക്ട് പ്രകാരം കമ്പ്യൂട്ടറുകൾ വാങ്ങാൻ ചെലവഴിച്ച തുകയിൽ അധികം നിൽക്കുന്ന തുക കേരള സ്റ്റേറ്റ് ഐ.ടി മിഷനിൽ നിന്നു 7654/-തിരികെ ഈടാക്കാനും (93210+ 7654= 100864/-)സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/16.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 സാമൂഹിക സുരക്ഷാ പെൻഷൻ- ഡിസ്ക്രിപ്പൻസി ലിസ്റ്റ് ഓരോ മാസവും പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നില്ല. മസ്റ്ററിംങ്ങ് പൂർത്തികരിച്ചിട്ടില്ല

2022 നവംബർ മാസത്തിലെ ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് പ്രകാരം 147 പെൻഷൻ ഗുണഭോക്താക്കൾ വിവിധ കാരണങ്ങളാൽ തൻമാസം പെൻഷൻ കൈപ്പറ്റിയിട്ടില്ല. ബാങ്ക് അക്കൗണ്ട്/ പോസ്റ്റ് ഓഫീസ് /ഡയറക്ട് ഹോം വഴി പെൻഷൻ കൈപ്പറ്റുന്ന ഏതാനും ഗുണഭോക്താക്കളുടെ പെൻഷണർ ഐ.ഡി ഉപയോഗിച്ച് ഇവരുടെ ഡി.ബി.റ്റി റിപ്പോർട്ടുകൾ പരിശോധിച്ചതിൽ ഗുണഭോക്താക്കളുടെ പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആയി തുടരുന്നുണ്ടെങ്കിലും മാസങ്ങളായി പെൻഷൻ തുക ഇവർക്ക് കൈമാറാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതായി കണ്ടെത്തി. ഇതു സംബന്ധിച്ച കണ്ടെത്തിയ ഓഡിറ്റ് അന്വേഷണങ്ങൾ താഴെ കൊടുക്കുന്നു.

1) മസ്റ്ററിങ്ങ് പൂർത്തിയാക്കാത്തതു കൊണ്ടും വരുമാന സർട്ടിഫിക്കറ്റ് ,ലൈഫ് സർട്ടിഫിക്കറ്റ് നൽകാത്തതു കൊണ്ടും പെൻഷൻ തടഞ്ഞുവച്ചിരിക്കുയും എന്നാൽ സേവന സോഫ്റ്റ്വെയറിൽ പെൻഷൻ തുക അലോക്കേറ്റ് നടത്തുകയും ചെയ്ത ആളുകളുടെ ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | ഡി.ബി.റ്റി റിപ്പോർട്ട് പ്രകാരം അവസാനം തുക കൈമാറിയ മാസം | റിമാർക്സ് |
|---|---|---|---|---|
| 1 | മരക്കാർ | 108190100010 | ജൂലായ് 2019 | മസ്റ്ററിങ്ങ് പൂർത്തികരിക്കുകയോ ഹോം മസ്റ്ററിങ്ങിന് സമർപ്പിക്കുകയോ ചെയ്തിട്ടില്ല |
| 2 | കുറുമ്പ | 108190100195 | “ “ | “ “ |
| 3 | ഖദീജ | 108190200362 | “ “ | “ “ |
| 4 | മുഹമ്മദ്.എം | 108190202234 | “ “ | “ “ |
| 5 | സരസ്വതി അമ്മ | 108190201894 | “ “ | “ “ |

2) ഡിസ്ക്രിപ്പൻസി ലിസ്റ്റ് പ്രകാരം പെൻഷൻ ലഭ്യമാകുന്ന ബാങ്ക് അക്കൗണ്ട് ക്ളോസ് ചെയ്തതായി സ്റ്റാറ്റസ് കാണിക്കുകയും ഡാറ്റാ ബെയിസിൽ ആക്ടീവായി തുടരുകയും ചെയ്യുന്നവരുടെ ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു .

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | ഡി.ബി.റ്റി റിപ്പോർട്ട് പ്രകാരം | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | അവസാനം തുക കൈമാറിയ മാസം | |
| 1 | മുഹമദ്കുട്ടി | 108190100281 | ഏപ്രിൽ 2020 | മെയ് 2020 മുതൽ നവംബർ 2022വരെ തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ കഴിഞ്ഞില്ല. Account Closed Or Transferred |
| 2 | ആയിഷ | 108190600241 | December 2020 | ജനവരി 2021 മുതൽ Account Closed Or Transferred |
| 3 | ദേവകി | 108190600231 | മെയ് 2022 | ജൂൺ 2022 മുതൽAccount Closed Or Transferred |
| 4 | അബൂബക്കർ | 108190200291 | ജൂൺ 2021 | ജൂലായ്2021 മുതൽ Account Closed Or Transferred |

3) ഡി.ബി.ടി. റിപ്പോർട്ട് പ്രകാരം പെൻഷണറുടെ സ്റ്റാറ്റസിൽ വിതരണം തടഞ്ഞുവച്ചിരിക്കുന്നു എന്നും Deceased എന്ന് രേഖപ്പെടുത്തിയിട്ടും മസ്റ്ററിങ്ങ് പൂർത്തിയാക്കാത്തതിനാൽ തടഞ്ഞു വച്ചിരിക്കുന്നുഎന്ന് റിമാർക്സ് കാണിച്ച് പെൻഷൻ തുക അലോക്കേറ്റ് ചെയ്ത് ഇട്ടിരിക്കുന്നവരുടെ പേരു വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി /ആധാർ | റിമാർക്സ് |
|---|---|---|---|
| 1 | പാത്തുമ്മ .കെ.ടി | 931213406225 | മെയ്യ്2019 ന് Deceased എന്ന് രേഖപ്പെടുത്തിയിട്ടും ജൂൺ2019മുതൽ നവംബർ2022 മസ്റ്ററിംങ്ങ് പൂർത്തികരിച്ചിട്ടില്ല തുക തടഞ്ഞുവച്ചിരിക്കുന്നു |
| 2 | വേലു | 992988769186 | മെയ് 2020മുതൽ Deceased എന്ന് എൻടി വരുത്തി നവംബർ 2022വരെയും തുക കൈമാറാൻ സാധിച്ചിട്ടില്ലെന്ന് സ്റ്റാറ്റസ് കാണിച്ച് തുക അലോക്കേറ്റ് ചെയ്തിരിക്കുന്ന്. |
| 3 | പാത്തുമ്മ.കെ.ടി | 931213406225 | മെയ്യ്2019 ന് Deceased എന്ന് രേഖപ്പെടുത്തിയിട്ടും ജൂൺ2019മുതൽ നവംബർ2022 മസ്റ്ററിംങ്ങ് പൂർത്തികരിച്ചിട്ടില്ല തുക തടഞ്ഞുവച്ചിരിക്കുന്നു |

4)മറ്റു പല കാരണങ്ങളാൽ പെൻഷൻ ചില മാസങ്ങളിൽ തടഞ്ഞുവച്ചിട്ടുള്ളവരുടെ പേരു വിവരങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | ഡി.ബി.റ്റി റഫറൻസ് പ്രകാരം വിതരണം നടത്താൻ കഴിയാത്ത മാസങ്ങൾ | റിമാർക്സ് |
|---|---|---|---|---|
| 1 | മുഹമദ് അനസ് | 108190400264 | ഒക്ടോബർ 2016 മുതൽ ഏപ്രിൽ2017 വരെ | Invalid Bank Identifier |
| 2 | അബ്ദുൾ ലത്തീഫ് .വി.ടി | 108190400400 | ഫെബ്രുവരി 2022 | Door Closed |
| 3 | ലളിത,സി | 108190500085 | May 2022 | പുനർവിവാഹിത അല്ലാ എന്ന സർട്ടിഫിക്കറ്റ് വയ്ക്കാത്തതിനാൽ പെൻഷൻ തടഞ്ഞുവച്ചു. പിന്നീട് നൽകി |
| 4 | ഹംസ | 108190201426 | December 2018മുതൽ July 2019 വരെ | No Such Bank Account |
| 5 | മറിയ | 108190600726 | ആഗസ്റ്റ് 2019 മുതൽ ജനവരി 2022വരെ | മസ്റ്ററിംങ്ങ് പൂർത്തികരിക്കാത്തതിനാൽ തടഞ്ഞു വച്ചിരിക്കുന്നു. ഫെബ്രുവരി മുതൽ പുനരാരംഭിച്ചു |
| 6 | ആയിഷ | | September 2020 മുതൽ | Participant Not Mapped, Account Closed |

| | | | | |
|---|---|---|---|---|
| 7 | സൈനബ | 108190203159 | October 2022മുതൽ | Door Closed |
| 8 | മുഹമദ്.കെ | 108190202297 | August 2019മുതൽ | 15.02.20 ൽ മരണപ്പെട്ടു. നിലവി ലിതുവരെയും മസ്റ്ററിങ്ങ് പൂർത്തികരി ക്കാത്ത തിനാൽ തുക തടഞ്ഞു വച്ചിരിക്കുന്നു. |

പെൻഷൻ നൽകാത്ത മാസങ്ങളിലെ തുകകൾ പിന്നീട് നൽകിയിട്ടുണ്ടോ എന്ന വിവരം തുക സർക്കാരിലേക്ക് തിരിച്ചടച്ചോ എന്ന വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്. ഡിസ്ക്രിപൻസി ലിസ്റ്റ്പ്രകാരം മേൽ സൂചിപ്പിച്ച പല കാരണങ്ങളാൽ പെൻഷൻ തടഞ്ഞു വച്ചിട്ടുള്ള ഏതാനും ഗുണഭോക്താക്കളുടെ പെൻഷൻ ഐ.ഡി ഉപയോഗിച്ച് സേവന പെൻഷൻ ഡാറ്റാ ബേസ് പരിശോധിച്ചതിൽ പല മാസങ്ങളായി ഒരു വർഷത്തിൽ കൂടുതലായി പെൻഷൻ തടഞ്ഞു വച്ചിരിക്കുന്നതായി കാണുന്നു . ഇത്തരത്തിൽ ഗുണഭോക്താക്കൾക്ക് മസ്റ്ററിങ്ങ് പൂർത്തിയാക്കാതെ തുക അലോക്കേറ്റ് ചെയ്ത് ബാങ്കുകളിലേക്കും പോസ്ററാഫീസുകളിലേക്കും നൽകുകയും വർഷങ്ങളായി ഗുണഭോക്താക്കളിലെത്താതെ മേൽ സ്ഥാപനങ്ങളിൽ കിടക്കുന്ന തുകയുടെ വിവരം ആയത് തിരിച്ചടച്ച വിവരം എന്നിവ സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

ഇത്തരം ഗുണഭോക്താക്കളുടെ നിജസ്ഥിതി വിവരങ്ങൾ സേവന സിവിൽ രജിസ്ട്രേഷൻ വിവരങ്ങളുമായി ഒത്തു നോക്കി വർഷങ്ങളായി മസ്റ്ററിംഗ് ചെയ്യാതെ ഡാറ്റാ ബേസിൽ തുടരുന്ന അനർഹരെ ഒഴിവാക്കുന്നതിനും മരണപ്പെട്ടിട്ടും പെൻഷൻ തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തുക അലോക്കേറ്റ് ചെയ്യിട്ടുന്നതിനും വിശദീകരണം അന്വേഷിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/20.02.23) മറുപടിലഭ്യമാക്കിയില്ല.

## 1-20 കരാറുകാരന് പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ ടാർ ബാരലിന്റെ തുക ഈടാക്കിയിട്ടില്ല.

2021-22 ൽ പൂർത്തീകരിച്ചിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ് വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (With Packed Bitumin Rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനുശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത് . എന്നാൽ തൻവർഷം നടപ്പിലാക്കിയ മൂന്ന് പ്രവൃത്തികളിൽ നിന്നും ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. ഈ പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിൽ ബിറ്റുമിൻ Adequacy കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 282/-രൂപ നിരക്കിൽ ബാരലിന്റെ വില 11844/രൂപ കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതും, ഇതിൽ 9712 രൂപ പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതും 2132 രൂപ ജി.എസ്.ടി നിർദ്ദിഷ്ട ശീർഷകത്തിൽ ഒടുക്കേണ്ടതുമാണ്. (വിശദാംശങ്ങൾക്ക് ഖണ്ഡിക 3-1 കാണുക)

## 1-21 മരാമത്ത് ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.ചെലവുതുക തടസ്സപ്പെടുത്തുന്നു

താഴെ പറയുന്ന മരാമത്ത് ഫയലുകൾ ഓഡിറ്റിൽ പരിശോധനക്ക് ഹാജരാക്കുകയുണ്ടായില്ല .

| ക്രമ നം. | പ്രോജക്റ്റ് നമ്പർ, പ്രവൃത്തിയുടെ പേര് | ട്രഷറി ബിൽ നം. ചെ.നം./ തിയ്യതി | ചെലവ് തുക |
|---|---|---|---|
| 1 | SO.199/21-22- ആയുർവേദ, ഹോമിയോ | 3783847/ | 11144/-(paid To K.P.Sainuddeen, |

| | | | |
|---|---|---|---|
| | ആശുപത്രി കെട്ടിട സമുച്ചയത്തിൽ പൊതു ശൗചാലയ സമുച്ചയം | 08-12-21(vr.no. 22100662/ 08.12.21) | Contractor) |
| 2 | SO.212/21-22-കുതിരാം കുഴി എസ്.സി.റോഡ് കോൺക്രീറ്റ് | 3783842/ 08-12-21 (Vr.no. 22100655/ 08-12-21) | 57500 (Paid To Mohandas K,contractor) |
| 3 | SO.223/21-22- കൊട്ടിലിങ്ങൽ പടി റോഡ് കോൺക്രീറ്റിംങ് | Ch.no. 3632847/ 23-10-21 (Vr.no. 22100438/ 23-10-21) | 99888 (Paid To Dheeresh, Contractor) |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 4/17-02-2023 ന് മറുപടി ഒന്നും ലഭിച്ചില്ല. മേൽ പറഞ്ഞഫയലുകൾ ഓഡിറ്റിന് ഹാജരാക്കുന്നതുവരെ ആകെ ചെലവുതുക 168532/- രൂപ (11144 +57500+99888) തടസ്സത്തിൽ വെയ്ക്കുന്നു.

1-22 ബഡ്സ് സ്കൂളുകൾക്ക് വാഹനവാടക - പുതിയ വാഹനം വാങ്ങുന്നതിനുള്ള സാധ്യത പരിശോധിച്ച വിവരം

വല്ലപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന *സ്നേഹഭവനം ബഡ്സ് റീഹാബിലിറ്റേഷൻ ഫോർ മെന്റലി ചാലഞ്ച്ഡ്* എന്ന സ്ഥാപനത്തിന് കുട്ടികളെ എത്തിക്കുന്നതിനും തിരിച്ചു കൊണ്ടുപോകുന്നതിനും വാഹന ഉടമകളിൽ നിന്ന് മത്സരാധിഷ്ഠിത ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറവു ക്വാട്ടുചെയ്ത ശ്രീ. അക്ബർ അലി.കെ, ചെറുകോട് എന്ന വ്യക്തിക്ക്(വാഹന നമ്പർ-KL11-AK-3710) ടെണ്ടർ ഉറപ്പിച്ചു നൽകിയിട്ടുണ്ട്. വണ്ടിയുടെ വാടക , ഡീസൽ ചാർജ് , ഡ്രൈവർ കൂലി , മെയിന്റനൻസ് എന്നീ ചെലവുകളും ഉൾപ്പെടെ പ്രതിമാസം 46000/-രൂപയുടെ കരാർ 01.03.22 തിയ്യതിയിൽ വച്ചിട്ടുണ്ട്. കരാർ പ്രകാരം 01.03.2022മുതൽ 01.03.23വരെയുള്ള കാലയളവിൽ പ്രതിമാസം 46000/- രൂപയാണ് വാഹന വാടക നിശ്ചയിച്ചു നൽകിയിരിക്കുന്നത്.പ്രതിവർഷം 552000/-രൂപ ഇതിനു ചെലവു വരുന്നുണ്ട്.മുൻവർഷങ്ങളിൽ പ്രതിമാസം 43000/- ആയിരുന്നു വാഹനവാടക നിശ്ചയിച്ചിരുന്നത്.

ഓഡിറ്റ് കാലയളവിൽ താഴെ പറയുന്ന ബിൽ നമ്പർ പ്രകാരം തുക കരാറുകാരന് കൈമാറിയിട്ടുണ്ട്.

ബിൽ നം 412/31.03.2022

ബിൽ തുക – 46000/-

പ്രൊജക്ട് നം- 267/22

ബഡ്സ് സ്കൂളിലേക്കുള്ള വാഹനചെലവ് പരിശോധിക്കുമ്പോൾ സ്വന്തമായി വാഹനം വാങ്ങേണ്ട പണം വാഹന വാടക ഇനത്തിൽ പഞ്ചായത്ത് തനതുഫണ്ടിൽ നിന്ന് ചെലവായിട്ടുണ്ട്. ബഡ്സ് സ്കൂളിലേക്ക് വാഹന സൗകര്യം അനിവാര്യമായതിനാൽ സ്കൂളിലേക്ക് സ്വന്തമായി വാഹനം വാങ്ങുന്നതിന് സ്പോൺസർഷിപ്പ് , മറ്റു വകുപ്പുകളിൽ നിന്നുള്ള ഫണ്ട് എന്നിവയുടെ ലഭ്യത പരിശോധിക്കാവുന്നതാണ് , തദ്ദേശ സ്വയംഭരണ (I.A)വകുപ്പിന്റെ 29.12.2018തിയ്യതിയിലെ സ.ഉ(എം.എസ്)195/18/LSGD പ്രകാരം കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശസ്വയം ഭരണസ്ഥാപനം ആരംഭിച്ച് വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തോടെ നടപ്പാക്കുന്ന ബഡ്സ് സ്കൂളുകൾക്ക് കുടുംബശ്രീയുടെ പ്ളാൻഫണ്ടിൽ നിന്ന് വാഹനം വാങ്ങുന്നതിന് അനുമതി നൽകിയിരുന്നു. ഇത്തരം സാധ്യതകൾ ഉപയോഗപ്പെടുത്താൻ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം അന്വേഷിച്ച് നൽകിയ എൻക്വയറിക്ക്(12/20.02.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയം ഗ്രാമ പഞ്ചായത്ത് ഗൗരവമായി വീക്ഷിക്കേണ്ടതും സർക്കാർ മാർഗ്ഗ നിർദേശങ്ങൾക്കനുസൃതമായി നടപടികളെടുക്കേണ്ടതുമാണ്.

## 1-23 ഗ്രാമ പഞ്ചായത്തിന്റെ വാഹനം കൈയ്യൊഴിഞ്ഞ് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ സ.ഉ(എം.എസ്)170/2007/ത.സ്വ.ഭ.വ തിയതി 30.6.2007 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസർ നിർബന്ധമായും സൂക്ഷിക്കേണ്ട രജിസ്റ്ററുകളെക്കുറിച്ചും റെക്കോർഡുകളെക്കുറിച്ചും ആറുമാസത്തിലൊരിക്കൽ മോട്ടോർ വാഹന വകുപ്പിലെ അർഹതയുള്ള ഉദ്യോഗസ്ഥനെകൊണ്ട് വാഹനത്തിന്റെ ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്തണമെന്നും സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണെന്ന് മാർഗ്ഗരേഖയിൽ വിശദീകരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ ലോഗ് ബുക്കുകൾ , ചെലവ് രേഖകൾ എന്നിവ അടിസ്ഥാനമാക്കി പരിശോധിച്ചതിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു.

1) 2021-22 വർഷം പഞ്ചായത്തിന്റെ മഹീന്ദ്ര Bolero വാഹനം (വെഹിക്കിൾ നം KL52T4398) വാഹനം 17.05.2021 തിയ്യതി വരെ മാത്രമേ ലോഗ് ബുക്കിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടുള്ളത്.

2) ഇന്ധന ക്ഷമത ടെസ്റ്റ് ചെയ്തതിന്റെ രേഖകൾ ലോഗ് ബുക്കിൽ സൂക്ഷിച്ചതായി കാണുന്നില്ല. 2021-22 വർഷം വാഹനത്തിന്റെ ഇന്ധനക്ഷമതാടെസ്റ്റ് ,ഫിറ്റ്നെസ് എന്നിവ പരിശോധിച്ചിട്ടില്ല.

3) 23.01.2021തിയ്യതിയിൽ പഞ്ചായത്ത് ഭരണ സമിതി തീരുമാനം 1(3) നമ്പർ പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനം റിപ്പയർ ചെയ്ത് ഓടിക്കാൻ ലാഭകരമല്ലാത്തതിനാൽ അൺ എക്കണോമി സർട്ടിഫിക്കറ്റ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ(01/07/19 തിയ്യതിയിലെ അൺഎക്കണോമിക്കൽ സർട്ടിഫിക്കറ്റ് നം DB-103/2019-20(UE)1858 ) കൈയൊഴിയുന്നതിന് തീരുമാനിച്ചു. ആയതിന് വാല്യേഷൻ സർട്ടിഫിക്കറ്റ് (12.04.21ലെ D3/SR/20204398) അനുസരിച്ച് 90000/- രൂപ വാഹനത്തിന് വാല്യൂ അസ്സസ്സ് ചെയ്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ , PWD മെക്കാനിക്കൽ സബ് ഡിവിഷൻ കോഴിക്കോടിൽ നിന്ന് ലഭ്യമായിട്ടുണ്ട്.തുടർന്ന് നടത്തിയ ലേലത്തിൽ ആരും പങ്കെടുത്തില്ല. 31.12.2021 തിയ്യതിയിലെ D3/SR/20 , 4398 നം കത്തനുസരിച്ച് വാഹനത്തിന്റെ വില 80000/-രൂപ ആയി പുനർ നിർണ്ണയം നടത്തിയിട്ടുമുണ്ട്. തുടർന്ന് ലേല നടപടികൾ സ്വീകരിച്ച് ഇതുവരെയും വാഹനം കയ്യൊഴിയാതിരിക്കാനുള്ള കാരണം ഓഡിറ്റിനു ലഭ്യമാക്കുന്നതിന് വിവരം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/20.02.23) മറുപടി ലഭ്യമാക്കിയിട്ടില്ല. 16.08.2021തിയ്യതിയിലെ സ.ഉ(കൈ)നം 91/21/FIN അനുസരിച്ച് M/s MSTC Ltd.എന്ന സ്ഥാപനത്തിന്റെ സേവനം മുഖേന പഴയ വാഹനങ്ങൾ കയ്യൊഴിയാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 തെരുവുവിളക്ക് പരിപാലനം

1994 ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ പട്ടിക III ലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിലെ കാര്യക്ഷമത, വൈദ്യുതി ചാർജിനത്തിലും തെരുവുവിളക്കു സ്ഥാപിക്കൽ പ്രവൃത്തികൾക്കുമായി ചെലവഴിക്കേണ്ടി വരുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് അന്വേഷണങ്ങൾ താഴെ ചേർക്കുന്നു.

1) ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 754905/-രൂപ കെ.എസ്.ഇ.ബി വല്ലപ്പുഴ , ഷൊർണ്ണൂർ ഇലക്ട്രിക്കൽ സെക്ഷനുകളിലായി ആകെ അടവാക്കിയിട്ടുണ്ട്. 20.07.2019 തിയ്യതിയിലെ കെ.എസ്.ഇ.ബി , വല്ലപ്പുഴയിൽ നിന്നുള്ള നം EB-VP2/BB-Streetlight/2019-20/18 കത്ത് അനുസരിച്ച് ഗ്രാമ പഞ്ചായത്തിനുകീഴിൽ താഴെ പറയുന്ന ഇനങ്ങൾ ബൾബ് ഉണ്ട്.

സാധാരണ ബൾബ് - 90

സോഡിയം വേപ്പർ ലാമ്പ്- 26

സി.എഫ്.എൽ - 634

മേൽപറഞ്ഞവ കൂടാതെ തെരുവുവിളക്കു രജിസ്റ്റർ പ്രകാരം താഴെ പറയുന്ന ഇനം വിളക്കുകൾ കൂടി ഗ്രാമ പഞ്ചായത്തിൽ ഉണ്ട്.

മിനിമാസ്റ്റ് ലൈറ്റ് - 20 എണ്ണം

ഹൈമാസ്റ്റ് ലൈറ്റ് - 2 എണ്ണം

ഗ്രാമ പഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ് അടയ്ക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുന്നതിനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്താമെന്ന് ബി.ഒ. (എഫ്. ബി.)നമ്പർ 496 / 2004 (എൽ.ജി /സി.ഒ .എം. 3515/ 98 തീയ്യതി 23.02.2004 കെ.എസ്.ഇ.ബി. ബോർഡ് സെക്രട്ടറി ) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് .പഞ്ചായത്തിലെ തെരുവ് വിളക്കുകൾക്ക് പൂർണ്ണമായും മീറ്ററിങ്ങ് സമ്പ്രദായം ഇതുവരെയും നടപ്പിലാക്കിയിട്ടില്ലാത്തതായി കാണുന്നു.

2 ) ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയിൽ (10/20.02.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ സത്വരം പരിഹരിക്കേണ്ടതാണ്.

1-25 വീട് വാസയോഗ്യമാക്കൽ -പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രോജക്ട്- നമ്പർ-17/22, വീട് വാസയോഗ്യമാക്കൽ( എസ്.സി വനിത)

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ - ₹1627500(വികസന ഫണ്ട് ജനറൽ SCP)

ചെലവ്- ₹1250000

മേൽ പ്രോജക്ട് പ്രകാരം വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കുന്നതിനായി 50000 രൂപ വീതം ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടത്. തൻവർഷം 30 ഗുണഭോക്താക്കൾക്ക് പ്രോജക്ട് മുഖേന ധനസഹായം അനുവദിച്ചിട്ടുണ്ട്. 2 ഗഡുക്കളായാണ് തുക അനുവദിച്ചിട്ടുള്ളത്. ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ആദ്യഗഡു ആയ 25000 രൂപ കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് ബാക്കി തുക കൈപ്പറ്റിയതായി കാണുന്നില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആദ്യ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|
| 1 | സീത , മുളയ്ക്കൽതൊടി | 16-03-22 |
| 2 | ഭവാനി W/o അയ്യപ്പൻ, പുലിയപ്പുറത്ത് ഹൗസ്, ചെറുകോട്, വല്ലപ്പുഴ | 25-03-22 |
| 3 | ലക്ഷ്മിക്കുട്ടി.എൻ.പി, നടുവിൽ പുരയ്ക്കൽ, ചെറുകോട്, വല്ലപ്പുഴ | 25-03-22 |

മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ വീട് റിപ്പയറിന്റെ നിലവിലെ സ്ഥിതി അറിയിക്കുന്നതിന് ഓഡിറ്റ് അന്വേഷണം നമ്പർ 12/20-02-23 മുഖേന ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ട് ഈ വർഷവും സ്പിൽ ഓവർ ആയി തുടരുന്നുണ്ടെന്നും ഗുണഭോക്താക്കളോട് അടിയന്തിരമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ക്രമ നമ്പർ 1 – സീത, മുളയ്ക്കൽ തൊടി

എന്ന ഗുണഭോക്താവ് നിലവിൽ പ്രവൃത്തി പൂർത്തീകരിച്ച് ബാക്കി തുക കൈപ്പറ്റിയതായും അറിയിച്ചിട്ടുണ്ട്.

പട്ടികയിൽ സൂചിപ്പിച്ച മറ്റു ഗുണഭോക്താക്കളുടെ ഭവന റിപ്പയർ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-26 ലൈഫ് ഭവന നിർമ്മാണം- പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2021-22 സാമ്പത്തിക വർഷം ലൈഫ് ഭവന നിർമ്മാണ പദ്ധതി പ്രകാരം ആവിഷ്കരിച്ച് നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ-വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

| പ്രോജക്റ്റ് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 9/22 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 6790000 | 600000 |
| 13/22 | ലൈഫ് മിഷൻ- ഭവന നിർമ്മാണം (എസ്.സി) | 8860000 | 2093500 |

ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ നാളിതുവരെയുള്ള പുരോഗതി വിവരം താഴെ ചേർക്കുന്നു.

<u>ലൈഫ്- ഫേസ് 2</u>

രണ്ടാം ഘട്ടത്തിൽ ആകെ 48 ( ജനറൽ-41, എസ്.സി- 7) ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ചിട്ടുള്ളതിൽ 46 പേരുടെ ഭവന നിർമ്മാണം പൂർത്തിയായി. നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്ന 2 ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക (₹) | അവസാനമായി തുക കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | ഫൗസിയ.വി W/o മുഹമ്മദ് ബാബു, കല്ലേക്കാട്ടിൽ, വല്ലപ്പുഴ | 300000 | 16-01-2021 |
| 2 | ബിന്ദു W/o രാജൻ, രാരംകണ്ടത്ത് പടി, വല്ലപ്പുഴ | 200000 | 26-03-21 |

<u>ഫേസ് 2 – SCഅഡീഷണൽ ലിസ്റ്റ്</u>

13 പേർ എഗ്രിമെന്റ് വച്ച് ഭവന നിർമ്മാണം ആരംഭിച്ചതിൽ ഒരാളുടെ ഭവന നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 2021-22, 2020-21 സാമ്പത്തിക വർഷങ്ങളിൽ എഗ്രിമെന്റ് വച്ച് ഭാഗികമായി തുക കൈപ്പറ്റുകയും നാളിതു വരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതുമായ ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക (₹) | അവസാനമായി തുക കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | ഉഷ W/o ചന്ദ്രൻ, നായ്ക്കൻ തൊടി, ചെറുകോട് | 300000 | 13-07-2021 |
| 2 | വേശു W/o രാമൻകുട്ടി, കിഴക്കേപ്പാട്ടുതൊടി ഹൗസ്, ചെറുകോട് | 300000 | 30-07-2021 |
| 3 | ബിന്ദു.ടി W/o ഉണ്ണികൃഷ്ണൻ, ഐക്കാട്ടിൽ ഹൗസ്, വല്ലപ്പുഴ | 300000 | 29-01-2022 |
| 4 | ഷൈലജ W/o ബാബു, കരിയാട്ട് വളപ്പിൽ , വല്ലപ്പുഴ | 300000 | 21-03-2022 |
| 5 | ഷീബ സുരേന്ദ്രൻ, കരിയാട്ട് വളപ്പിൽ , വല്ലപ്പുഴ | 300000 | 21-03-2022 |
| 6 | പ്രിയ ഗിരീഷ്, പുളിയമ്പറ്റ, വല്ലപ്പുഴ | 300000 | 21-11-22 |
| 7 | സിന്ധു W/o ചന്ദ്രബാബു, രാരംകണ്ടത്ത് , വല്ലപ്പുഴ | 140000 | 21-11-22 |
| 8 | സൗമ്യ അനിൽകുമാർ, കിഴക്കേപ്പാട്ട് തൊടി , | 200000 | 21-11-22 |

| | | | |
|---|---|---|---|
| | വല്ലപ്പുഴ | | |
| 9 | അജിത സുരേന്ദ്രൻ, കുണ്ടാംവീട്ടിൽ | 300000 | 21-11-22 |
| 10 | സിത്താര രതീഷ്, ചെട്ടിയാര് കുഴി, കുറുവട്ടൂർ | 253500 | 21-11-22 |

ബാക്കിയുള്ള 2 ഗുണഭോക്താക്കൾ 2022-23 ൽ ഭവന നിർമ്മാണം ആരംഭിച്ചിട്ടുള്ളവരാണ്.

മേൽ പട്ടികകളിൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.7/20-02-23) മറുപടിയിൽ ഫൗസിയ W/o മുഹമ്മദ് ബാബു, ഉഷ W/o ചന്ദ്രൻ, വേശു W/o രാമൻകുട്ടി എന്നീ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതായും മറ്റ് ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.
തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

### 1-27 തൊഴിലുറപ്പ് പദ്ധതി-അവലോകനം

തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ തൻ വർഷം ഏറ്റെടുത്തു നടത്തിയ വിവിധ പദ്ധതികളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തി വിഭാഗം | പ്രവൃത്തികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | ജലസംരക്ഷണവും ജലസംഭരണവും | 371 | 8531148 |
| 2 | ചെറുകിട ജലസേചനം | 15 | 862000 |
| 3 | വെള്ളപ്പൊക്ക നിയന്ത്രണവും സംരക്ഷണവും | 26 | 2238000 |
| 4 | റൂറൽ കണക്റ്റിവിറ്റി | 10 | 986200 |
| 5 | അംഗനവാടി കെട്ടിട നിർമ്മാണം | 16 | 162250 |
| | ആകെ | 438 | 12779598 |
| | ഭരണച്ചെലവുകൾ | | 361050 |
| | ആകെ ചെലവ് | | 13140648 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കരാറുകാരന് പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ ടാർ ബാരലിന്റെ തുക ഈടാക്കിയിട്ടില്ല.

2021-22 ൽ പൂർത്തീകരിച്ചിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ് വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (With Packed Bitumin Rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനുശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത് . എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിൽ ബിറ്റുമിൻ Adequacy കണക്കാക്കി

നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 282/-രൂപ നിരക്കിൽ ബാരലിന്റെ വില ജി.എസ്.ടി. അടക്കം 11844/രൂപയാണ് കരാറുകാരിൽ നിന്ന് ഈടാക്കേണ്ടിയിരുന്നത്. ഈ സാഹചര്യത്തിൽ 9712 രൂപ നിർവ്വഹണഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും 2132 രൂപ ജി.എസ്.ടി ഇനത്തിൽ ഭരണതലനടപടികളിലൂടെ ഈടാക്കേണ്ടതുമാണ്(ഓഡിറ്റ് അന്വേഷണം നമ്പർ 4/17-02-2023 കാണുക).വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജ.നം./ പ്രവൃത്തി/ കരാറുകാരൻ | ബിൽ നം., തുക, അളവു പുസ്തകം | ആവശ്യമായ ബിറ്റുമിൻ(kg) (As Per Adequacy) - ബാരലിന്റെ എണ്ണം | ബാരലിന്റെ വില @ 282/- |
|---|---|---|---|---|
| 1 | കാട്ടിക്കുഴി-ചെമ്മാങ്കുഴി റോഡ് റീടാറിംങ് (പ്രോജ.നം. SO.203/21-22) കരാറുകാരൻ-മുഹമ്മദ് റഫീക്ക് കെ.ടി | 08/01-10-2021 200000/- (M.G.Grant,47825- Own Fund Ch.No. 891444 7.2.2021 85/20-21 | VG-30- 1923.31 /156 =12.32 RS1-179.41/200 =.89 | 13x282 = 3666/- |
| 2 | S.O.201/21-22— അപ്പംകണ്ടം -തിയ്യാട് റോഡ് റീടാറിംങ് കരാറുകാരൻ- കെ.അബ്ദുൾ നാസർ | ചെ.നം. 566016/ 23-10-2021 46166/- 82/20-21 | VG-30 – 1913.58/156 =12.26 RS1-183.48/ 200 =.92 | 13x282 =3666 |
| 3 | S.O.213/21-22— അപ്പംകണ്ടം -ഹോസ്പിറ്റൽ റോഡ് റീടാറിംങ് കരാറുകാരൻ- കെ.അബ്ദുൾ നാസർ | ചെ.നം. 3783843/ 08-12-2021 50000/- 78/20-21 | VG-30 – 2265.13/156 =14.52 RS1-218.80/ 200 =1.09 | 16x282 =4512 |
| | | | ആകെ | 11844/- |

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 13.02.2023 മുതൽ 20.02.2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, ഒറ്റപ്പാലം | 2021-22 | 5,50,000 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി (ജനറൽ) | 5,50,000 | - |
| | 2021-22 | 52,500 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി (എസ്.സി.പി) | 52,500 | - |
| | 2021-22 | 79,800 | ക്ഷീര സംഘങ്ങൾ വഴി പാൽ വിപണനം നടത്തുന്ന കർഷകർക്ക് പാലിന് സബ്സിഡി | 79,800 | - |
| | 2021-22 | 1,00,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 1,00,000 | - |
| | - | 4,91,981 | വിശദാംശങ്ങൾ ലഭ്യമല്ല | | 4,91,981 |
| ജില്ലാ പഞ്ചായത്ത്, പാലക്കാട് | 2021-22 | 7,75,000 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി (ജനറൽ) | 7,75,000 | - |
| | 2021-22 | 60,000 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി (എസ്.സി.പി) | 60,000 | - |
| | 2021-22 | 1,00,000 | ക്ഷീര സംഘങ്ങൾ വഴി പാൽ വിപണനം നടത്തുന്ന കർഷകർക്ക് പാലിന് സബ്സിഡി | 1,00,000 | - |
| | 2021-22 | 2,52,300 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 2,52,300 | - |
| | - | 3,731 | വിശദാംശങ്ങൾ ലഭ്യമല്ല | | 3,731 |

ജില്ലാ പഞ്ചായത്തിന്റേയും ബ്ലോക്ക് പഞ്ചായത്തിന്റേയും വിഹിതങ്ങളുടെ കൃത്യമായ വരവ്-ചെലവ് കണക്കുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയത് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. സാംഖ്യ ലെഡ്ജറുകളുടെ അടിസ്ഥാനത്തിലുള്ള തുകകളാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്. ചെലവഴിക്കാതെ അവശേഷിക്കുന്ന സംയുക്ത പ്രോജക്ടുകളുടെ തുക അതാത് സ്ഥാപനങ്ങളിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകകളുടെ വിശദവിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തികൾ നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക വിനിയോഗിച്ച് നടത്തിയ പ്രവൃത്തികളുടേയും ബാക്കി തുകകളുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | ഡെപ്പോസിറ്റ് തുക | വിനിയോഗ രേഖകൾ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| KSEB, വല്ലപ്പുഴ | 293/22, വൈദ്യുത പോസ്റ്റ് മാറ്റിവെയ്ക്കൽ | 1)292/04-03-22/ 8000/-<br>2)293/04-03-22/ 10319/- | 18319 | വിനിയോഗ രേഖകൾ ലഭ്യമായിട്ടില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പാ/വായ്പാ തിരിച്ചടവ്

തൻവർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും വരവില്ല. തൻവർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്-KURDFC വായ്പ | - | | 51,64,998 | 6,89,333 | - | 44,75,665 |

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ അടവാക്കിയ തുകകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 2017-18 | 3(1) | 10750 | 121020102256/ 19.11.2021 | അബ്ദുൾ സലാം, കോൺട്രാക്ടർ |
| 2018-19 | 1-17 | 5250 | | |
| 2017-18 | 3(1) | 3500 | 121020102287/ 22.11.2021 | സൈനുദ്ദീൻ.കെ.പി, കോൺട്രാക്ടർ |
| 2018-19 | 1-17 | 9250 | | |
| 2018-19 | 1-17 | 1750 | 121020102288/ 23.11.2021 | കുഞ്ഞുമുഹമ്മദ് നെടിയത്ത്, കോൺട്രാക്ടർ |
| 2017-18 | 3(1) | 4750 | 121020102345/ 25.11.2021 | അബ്ദുൾ നാസർ, കോൺട്രാക്ടർ |
| 2018-19 | 1-17 | 3000 | 121020102427/ 01.12.2021 | അബ്ദുൾ റഹ്മാൻ, കോൺട്രാക്ടർ |

രജിസ്റ്റർ പ്രകാരമുള്ള കണക്കുകളാണ് ചേർത്തിട്ടുള്ളത്. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള കണക്കുകൾ തെറ്റായി പോസ്റ്റ് ചെയ്തിട്ടുള്ളതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഒന്നുമില്ല.

4-9 ചാർജ് /സർച്ചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(എ)സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 1,22,33,236/- |
| ഓഡിറ്റ് വർഷത്തെ വരവ് | 7,20,95,220/- |
| ആകെ | 8,43,28,456/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,39,64,010/- |
| നീക്കിയിരിപ്പ് | 2,03,64,446/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 9712/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,68,532/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 9712/- | വിഷ്ണു എസ്.വി, അസി.എഞ്ചിനീയർ - 3006/- |
| | | | ബെസ്സി, അസി.എഞ്ചിനീയർ- - 6706/- |
| | ആകെ | 9712/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 1,68,532/- | ബെസ്സി,അസി.എഞ്ചിനീയർ |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 3-1 --2132 രൂപ. (ടി.നഷ്ടം ഭരണതല നടപടികളിലൂടെ ഈടാക്കി ഒടുക്കേണ്ടതാണ്)

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബെസ്സി, അസി.എഞ്ചിനീയർ | താൽക്കാലിക നിയമനം | നെടുങ്ങാട്ടു തങ്കലം, കോതമംഗലം, എറണാകുളം ജില്ല,-പിൻ-686691 |
| വിഷ്ണു എസ്.വി, അസി.എഞ്ചിനീയർ | താൽക്കാലിക നിയമനം | വെള്ളറം കോട്ട് വീട്, കോട്ടപ്പള്ളി പി.ഒ, വടകര, കോഴിക്കോട് ജില്ല |

4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | KSAPKD16/1614/2022/02.12.2022 | Report Closed |
| 1997-98 | KSAPKD16/1614/2022/02.12.2022 | 1<br>(24) |
| 1998-99 | KSAPKD16/1614/2022/02.12.2022 | 1<br>(3-3) |
| 1999-00 | KSAPKD16/1614/2022/02.12.2022 | 2<br>(3-2,3-3) |
| 2000-01 | KSAPKD16/1614/2022/02.12.2022 | 3<br>(2-2,3-3, 3-3) |
| 2001-02 | KSAPKD16/1614/2022/02.12.2022 | 1<br>(3-2) |
| 2002-03 | KSAPKD16/1614/2022/02.12.2022 | 2<br>(3-1, 3-2) |
| 2003-04 | KSAPKD16/1614/2022/02.12.2022 | 3<br>(3-3, 3-5, 3-6) |
| 2004-05 | KSAPKD16/1614/2022/02.12.2022 | 1<br>(3-9) |
| 2005-06 | KSAPKD16/1614/2022/02.12.2022 | 2<br>(2-4,3-7) |
| 2006-07 | KSAPKD16/1614/2022/02.12.2022 | 3<br>(3-7,3-8,3-9) |
| 2007-08 | KSAPKD16/1614/2022/02.12.2022 | 4<br>(3-6,3-7,3-8,3-9) |
| 2008-09 | KSAPKD16/1614/2022/02.12.2022 | 7<br>(2-1, 2-2, 3-5, 3-6, 3-9, 3-11,3-12) |
| 2009-10<br>2010-11 | KSAPKD16/1614/2022/02.12.2022 | 13<br>(2-3c, 3-2, 3-5, 3-6, 3-7, 3-8,3-9, 3-10, 3-11, 3-12(2), 3-15, 3-16, 3-19) |
| 2011-12 | KSAPKD16/1614/2022/02.12.2022 | 6<br>(2-5, 2-6, 3-2, 3-5, 3-7, 3-9) |
| 2012-13<br>2013-14<br>2014-15 | KSAPKD16/1614/2022/02.12.2022 | 29<br>(2-3, 2-4,2-5, 2-7, 2-8, 3-1,3-5,3-6, 3-7, 3-8, 3-10, 3-11,3-12, 3-13, 3-14,3-18, 3-20,3-21, 3-23, 3-24, 3-25,3-26, 3-27, 3-28, 3-29, 3-30, 3-31) |
| 2015-16 | KSAPKD16/1614/2022/02.12.2022 | 7<br>(2-1, 2-2, 2-4, 3-2, 3-4, 3-6, 3-8) |

| | | |
|---|---|---|
| 2016-17 | KSAPKD16/1614/2022/02.12.2022 | 16<br>(2-1, 2-3, 3-1, 3-3, 3-5, 3-6, 3-9,3-11, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23, 3-25) |
| 2017-18 | KSAPKD16/1614/2022/02.12.2022 | 4<br>(2-6, 3-1, 3-7, 3-10) |
| 2018-19 | KSAPKD16/1614/2022/02.12.2022 | 10<br>(1-12, 1-13, 1-14, 1-15, 1-17, 1-18, 1-19, 1-20, 1-21, 1-27) |
| 2019-20 | നമ്പർ കെ.എസ്.എ-പികെഡി-16-1269/ 2022 തീയതി 07/07/2022 | മുഴുവൻ ഖണ്ഡികകളും |
| 2020-21 | നമ്പർ കെ.എസ്.എ-പികെഡി-16-1270/ 2022 തീയതി 07/07/2022 | മുഴുവൻ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

## വാർഷിക കണക്കുകളുടെ സംക്ഷിപ്തം

## BALANCE SHEET As on 30/03/2022

| Code No. | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve& Surplus | | |
| 310000000 | Muncipal (General) Fund [Code No 310] | B-1 | 36794878.60 |
| 311000000 | Earmarked Funds | B-2 | 30399.00 |
| 312000000 | Reserves | B-3 | 37332749.00 |
| | *Total Reserve& Surplus* | | 74158026.60 |
| 320000000 | Grants,Contributions for specific purposes<br>Grants, Funds & Contributions for Specific Purposes | B-4 | 8988687.00 |
| | *Total Grants,Contributions for specific purposes* | | 8988687.00 |
| 330000000 | Loans<br>Secured Loans | B-5 | 4475665.00 |
| | *Total Loans* | | 4475665.00 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 1064595.00 |
| 350000000 | Other Liabilities | B-9 | 1664592.40 |
| | *Total Current Liabilities and Provisions* | | 2729187.40 |
| | TOTAL LIABILITIES | | 90351566.00 |
| | ASSETS | | |
| | Current Liabilities and Provisions | | |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | (287420.00) |
| | *Total Current Liabilities and Provisions* | | (287420.00) |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 77753575.00 |
| 411000000 | Accumulated Depreciation | B-11 | (23046024.00) |
| 412000000 | Capital Work In Progress | B-11(a) | 428223.00 |
| | *Total Fixed Assets* | | 55135774.00 |
| 420000000 | Investments<br>Investments | B-12 | 0.00 |
| | *Total Investments* | | 0.00 |
| | Current Assets,Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.00 |
| 431000000 | Sundry Debtors (Receivables) | B-15 | 8670483.00 |
| 440000000 | Pre-paid Expenses | B-16 | 4475665.00 |
| 450000000 | Cash and Bank balance | B-17 | 20364446.00 |
| 460000000 | Loans, Advances and Deposits | B-18 | 1992618.00 |
| | *Total Current Assets,Loans and Advances* | | 35503212.00 |
| | TOTAL ASSETS | | 90351566.00 |

| | Receipt &Payment<br><br>For the period from 01-April-2021 to 31-March-2022 | | |
|---|---|---|---|
| Opening Balance | | | |
| | Bank | RP-40(a) | 12,119,035.00 |
| | Cash | RP-40(a) | 114,201.00 |
| Receipts | | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 984,230.00 |
| 130000000 | Rental Income from Panchayat Properties | RP-3 | 2,000.00 |
| 140000000 | Fees & User Charges | RP-4 | 580,567.00 |
| 150000000 | Sale & Hire Charges | RP-5 | 258,400.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 46,046,421.00 |
| 171000000 | Interest Earned | RP-9 | 161,970.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 10,745,570.00 |
| 350000000 | Other Liabilities | RP-36 | 238,595.00 |
| Non Operating | | | |
| 180000000 | Other Income | RP-10 | 35,390.00 |
| 311000000 | Earmarked Funds | RP-29 | 866.00 |
| 340000000 | Deposits Received | RP-34 | 81,120.00 |
| 350000000 | Other Liabilities | RP-36 | 470,889.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 12,489,202.00 |
| Grand Total 84,328,456.00 | | | |
| Payments | | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 3,588,996.00 |
| 220000000 | Administrative Expenses | RP-12 | 1,009,174.00 |
| 230000000 | Operations & Maintenance | RP-13 | 2,664,242.00 |
| 250000000 | Decentralised Plan Programme - Productive Sector | RP-15 | 7,010,405.00 |
| 251000000 | Decentralised Plan Programme - Service Sector | RP-16 | 17,017,133.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | RP-17 | 555,734.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | RP-18 | 848,959.00 |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not in | RP-19 | 431,480.00 |
| 255000000 | Maintenance Projects | RP-20 | 7,509,324.00 |
| 280000000 | Prior Period Item | RP-26 | -17,159.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 0.00 |
| 350000000 | Other Liabilities | RP-36 | 11,939,328.00 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 17,546.00 |
| 270000000 | Provisions and Write off | RP-23 | 0.00 |
| 280000000 | Prior Period Item | RP-26 | -6,850.00 |
| 340000000 | Deposits Received | RP-34 | 69,580.00 |
| 350000000 | Other Liabilities | RP-36 | 2,474,679.00 |
| 410000000 | Fixed Assets | RP-38 | 1,461,177.00 |
| 412000000 | Capital Work In Progress | RP-40 | 428,223.00 |
| 420000000 | Investments | RP-41 | 0.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 5,912,868.00 |
| 460000000 | Loans, Advances and Deposits | RP-47 | 1,049,171.00 |
| Closing Balance | | | |
| | Bank | RP-40(b) | 20,110,284.00 |
| | Cash | RP-40(b) | 254,162.00 |

Income & Expenditure Statement

For the period from 01-April-2021 to 31-March-2022

| Code | *Head Of Account* | *Schedule* | *Amount(Rs.)* |
|---|---|---|---|
| | Income | | |
| 110000000 | Tax Revenue | I-1 | 6,089,753.00 |
| 130000000 | Rental Income from Panchayat Properties | I-3 | 501,902.00 |
| 140000000 | Fees & User Charges | I-4(b) | 867,017.00 |
| 150000000 | Sale & Hire Charges | I-5(b) | 258,400.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | I-6 | 125,414,089.00 |
| 171000000 | Interest Earned | I-8 | 161,970.00 |
| 180000000 | Other Income | I-9 | 35,390.00 |
| A | Total-Income | | 133,328,521.00 |
| | Expenditure | | |
| 210000000 | Establishment Expenses | I-10(b) | 10,361,232.00 |
| 220000000 | Administrative Expenses | I-11(b) | 1,009,174.00 |
| 230000000 | Operations & Maintenance | I-12(b) | 2,664,242.00 |
| 240000000 | Interest & Finance Charges | I-13 | 17,546.00 |
| 250000000 | Decentralised Plan Programme - Productive Sector | I-14 | 7,010,405.00 |
| 251000000 | Decentralised Plan Programme - Service Sector | I-14(a) | 31,803,207.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(b) | 1,031,532.00 |
| 253000000 | Decentralised Plan Programme - Projects not included in Sector | I-14(c) | 1,201,378.00 |
| | Division | | |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes | I-14(d) | 61,170,480.00 |
| | (not included under Decentralised Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 7,557,149.00 |
| 270000000 | Provisions and Write off | I-16 | |
| 272000000 | Depreciation | I-17(a) | 5,969,289.00 |
| B | Total-Expenditure | | 129,795,634.00 |
| C = A-B | *Gross Surplus/Deficit of Income over Expenditure* | | 3,532,887.00 |
| D= 280000000 | Prior Period Item | I-18 | (1,768,311.00) |
| E = C-D<br>290000000 | *Gross Surplus/Deficit of Income over Expenditure after prior period items*<br>Transfer to Reserve Funds | | 5,301,198.00 |
| | *Net Balance being surplus/deficit carried over to Balance sheet (Panchayat Fund)* | | |

ഡെപ്യൂട്ടി ഡയറക്ടർ